# ഓലയും നാരായവും പ്രകാശിപ്പിച്ചു



പ്രൊഫ. ആർ.ബി. ശ്രീകല രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഓലയും നാരായവും ഹസ്തലിഖിതവിജ്ഞാനീയത്തിന് ഒരാമുഖം എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ നിർവഹിക്കുന്നു

**തിരുവനന്തപുരം:** കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറി വകുപ്പ് മേധാവിയും എഴുത്തുകാരിയുമായ പ്രൊഫ. ആർ.ബി. ശ്രീകല രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഓലയും നാരായവും ഹസ്തലിഖിതവിജ്ഞാനീയത്തിന് ഒരാമുഖം എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ നിർവഹിച്ചു. കേരള സർവകലാശാല മുൻ സിൻഡിക്കേറ്റംഗം ഡോ. എസ്. നസീബ് പുസ്തകം ഏറ്റുവാങ്ങി.

കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നടന്ന പരിപാടിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ ആധ്യക്ഷ്യം വഹിച്ചു. പട്ടാമ്പി ശ്രീനീലകണ്ഠ ഗവ. സംസ്കൃത കോളജ് മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അരുൺ മോഹൻ പി. പുസ്തകം പരിചയപ്പെടുത്തി. കേരള സർവകലാശാല ഫാക്കൽറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസ് ഡീൻ ഡോ. എ.എം. ഉണ്ണികൃഷ്ണൻ, സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡയറക്ടറും സിഎസ്എസ് വൈസ് ചെയർമാനുമായ പ്രൊഫ. ആർ. ജയചന്ദ്രൻ, ഗ്രന്ഥകാരി പ്രൊഫ. ആർ.ബി. ശ്രീകല, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറി സംസ്കൃത വിഭാഗം അസി. പ്രൊഫസർ ജെ.പി. പ്രജിത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ റാഫി പൂക്കോം എന്നിവർ സംസാരിച്ചു.

ഹസ്തലിഖിതങ്ങളും ഹസ്തലിഖിതവിജ്ഞാനീയവും, ഹസ്തലിഖിത വിജ്ഞാനീയത്തിന്റെ ചരിത്രം, ലിപികൾ ഇന്ത്യയിലും കേരളത്തിലും, എഴുത്തുസാമഗ്രികൾ, ആലേഖകരും ആലേഖന സംസ്കാരവും, പാഠ വിമർശനം, ഡോക്യുമെന്റേഷനും കാറ്റലോഗിങ്ങും, ഹസ്തലിഖിത രേഖകളുടെ സംരക്ഷണം എന്നീ എട്ട് അധ്യായങ്ങളിലായി വിവരിക്കുന്ന ഈ ഗ്രന്ഥം മലയാളഭാഷയുടെ ചരിത്രത്തിൽ ഹസ്തലിഖിത വിജ്ഞാനീയത്തെ രേഖപ്പെടുത്താനുള്ള ഏറ്റവും സമഗ്രവും ഗവേഷണാത്മവുമാണ്. മാനുസ്ക്രിപ്റ്റോളജിയെക്കുറിച്ച് വിദ്യാർഥികൾക്കും ഗവേഷകർക്കും പൊതുവായനക്കാർക്കും ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന ഗ്രന്ഥമാണിത്. താളിയോല ഗ്രന്ഥങ്ങളുടെ നിർമിതി, ചരിത്രം, അവയെക്കുറിച്ചുള്ള പഠനത്തിന്റെ തത്വങ്ങളും സമീപനങ്ങളും വിശദമായി പ്രതിപാദിച്ചിരിക്കുന്നതോടൊപ്പം പാഠവിമർശത്തിന്റെ പ്രായോഗികരീതികളുടെ സൂക്ഷ്മമായ അവതരണവും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുന്നു. ഹസ്തലിഖിതവിജ്ഞാനീയത്തിന്റെ വിവിധ മേഖലകളെ സമഗ്രമായി പരിചയപ്പെടുത്തുന്ന 190 രൂപ വിലയുള്ള ഗ്രന്ഥം തിരുവനന്തപുരം സ്റ്റാച്യു, നളന്ദ ആസ്ഥാന പുസ്തകശാല, കണ്ണൂർ റെയിൽവേ സ്റ്റേഷനടുത്ത് പ്ലാസ ജങ്ഷനിലെ പുസ്തകശാല, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ലഭിക്കും.